# STD - XII

## അദ്ധ്യാപക സഹായി

**പാഠം ഒന്ന്  ബൈബിളും ക്രിസ്തീയ ജീവിതവും  ഭാഗം – ഒന്ന്**

Note: കുട്ടികളെ ചെറിയ ഗ്രൂപ്പായി തിരിച്ച് വേണം ക്ലാസ് എടുക്കാൻ

### ലക്ഷ്യം

* നമുക്കെപ്പോഴും അവലംബിക്കാവുന്ന ബൈബിൾ ക്രിസ്തീയ ജീവിതത്തിന്റെ ആധാരമാണെന്ന് പറയാം.

* ദൈവജനത്തിന്റെ പൂർണ്ണത നാം ക്രിസ്തുവിൽ കാണുന്നു.

* പുതിയനിയമം പഴയനിയമത്തിൽ മറഞ്ഞിരിക്കുന്നു. പഴയനിയമം പുതിയനിയമത്തിൽ തെളിഞ്ഞുവരുന്നു.

* ആരാധനക്രമം, അജപാലനപരമായ പ്രഘോഷണം. മതബോധനം തുടങ്ങിയവ തിരുവചനത്തിൽ അധിഷ്ഠിതമാണ്.

* ദൈവവചന പാരായണവും ധ്യാനവും ഞങ്ങൾ അനുദിനശീലമാക്കും.

* ബൈബിളിനെപ്പറ്റി കൂടുതൽ അറിയാൻ പരിശ്രമിക്കും

### പഠനസഹായികൾ

* പതിനൊന്നാം ക്ലാസിൽ പഠിച്ച കാര്യങ്ങൾ ഓരോന്നും എഴുതി നറുക്ക് രൂപത്തിൽ ആക്കി സൂക്ഷിച്ചിരിക്കുന്ന ഡെപ്പി, വിശുദ്ധ ബൈബിൾ, വിവാഹം, മരണം എന്നിവയുടെ തിരുക്കർമ്മ പുസ്തകങ്ങൾ.

### പാഠാവതരണം (5 മിനിറ്റ് – കസേരകളി മോഡൽ)

കുട്ടികൾ വട്ടം വളഞ്ഞ് നിൽക്കുവാൻ ആവശ്യപ്പെടുന്നു. ടീച്ചർ തിരിഞ്ഞുനിന്ന് സ്റ്റാർട്ടിങ് സിഗ്നൽ കൊടുക്കുമ്പോൾ പതിനൊന്നാം ക്ലാസ്സിൽ പഠിച്ച കാര്യങ്ങൾ എഴുതിയ ഡപ്പി ഓരോരുത്തരായി പാസ് ചെയ്യുന്നു. ഡപ്പി ആരുടെ കയ്യിലാണോ അയാളുടെ ഗ്രൂപ്പിന് പോയിന്റെ ലഭിക്കുന്നു. അയാളുടെ ഡപ്പിയിൽനിന്ന് ഒരെണ്ണം എടുത്ത് ഉറക്കെ വായിക്കുന്നു. കുട്ടികൾ അത് ഗ്രഹിച്ചു ഉറപ്പാക്കുന്നു. വീണ്ടും അപ്രകാരം കളി തുടരുന്നു. നിശ്ചിത സമയത്തിനുശേഷം കളി നിർത്തി ടീച്ചർ ആശയങ്ങൾ എല്ലാവരെയും വായിച്ചു കേൾപ്പിക്കുന്നു. ഓരോ ഗ്രൂപ്പും നോട്ട് കുറിക്കുന്നു. തുടർന്ന് അവയെക്കുറിച്ച് ചെറിയൊരു ക്വിസ് നടത്തുന്നു. രണ്ട് ഗ്രൂപ്പുകളായി തിരിച്ച് പേജ് 9, പേജ് 10 ഓരോ ഗ്രൂപ്പിനും നൽകുക. പേജ് 9 കിട്ടിയവർ മത്തായിയുടെ സുവിശേഷം രണ്ട് മുതൽ 7 അധ്യായങ്ങളിൽ നിന്ന് ഏതെങ്കിലും രണ്ട് അധ്യായം എടുത്ത് നിശ്ചിതസമയത്തിനുള്ളിൽ അവ

യിലെ ഫുട്ട്നോട്ട് പരിശോധിച്ച് പുതിയനിയമം പഴയനിയമത്തിന്റെ പൂർത്തീകരണമാണെന്നതിന് രണ്ടു ഉദാഹരണങ്ങൾ അവതരിപ്പിക്കുന്നു. പേജ് 10 കിട്ടിയവർ ദിവ്യബലിക്ക് ഉപയോഗിക്കുന്ന വായന പുസ്തകം വിവാഹത്തിന്റെയും മരണത്തിന്റെയും തിരുക്കർമ്മ പുസ്തകങ്ങൾ എന്നിവയിൽ ഏതെങ്കിലും ഒന്നുവീതം പരിചയപ്പെട്ട് തിരുവചനം എപ്രകാരം അവയിൽ അവതരിപ്പിച്ചിരിക്കുന്നു എന്ന് റിപ്പോർട്ട് ചെയ്യുന്നു.

## പാഠത്തിന്റെ ഉള്ളടക്കം

* വിശുദ്ധരെ സ്വാധീനിച്ച ക്രിസ്തുവചനം
* പഴയനിയമവും പുതിയനിയമവും തമ്മിലുള്ള ഐക്യം
* പതിനൊന്നാം ക്ലാസ്സിൽ ബൈബിളിനെക്കുറിച്ച് പഠിച്ച കാര്യങ്ങൾ
* ക്രിസ്തുവിന്റെ മണവാട്ടിയായ സഭയ്ക്ക് താങ്ങായിരിക്കുന്നത് ദൈവജനമാണ്. സഭാമക്കളുടെ ആത്മീയജീവിതത്തിന് കരുത്തുനൽകുന്നത് ബൈബിളും ക്രിസ്തീയ ജീവിതവുമാണ്.
* ആത്മീയജീവിതത്തിന് പരിപോഷണമായി സഭ ഒരുക്കുന്ന എല്ലാ തിരുക്കർമ്മങ്ങളിലും ഏറെ പ്രാധാന്യത്തോടെയാണ് തിരുവചനം ഉപയോഗിച്ചിരിക്കുന്നത്.

## പ്രാർത്ഥന

കർത്താവായ ദൈവമേ, ഞങ്ങളുടെ രക്ഷകനും നാഥനുമായ ക്രിസ്തുവിനെക്കുറിച്ച് കൂടുതൽ അറിയുവാൻ, അനുദിനം വിശുദ്ധഗ്രന്ഥം വായിക്കുവാൻ ഞങ്ങളെ പ്രാപ്തരാക്കണമേ.

## ചോദ്യങ്ങൾ

1. പഴയനിയമവും പുതിയനിയമവും തമ്മിലുള്ള ഐക്യം വ്യക്തമാക്കുക
2. വിശുദ്ധ മദർ തെരേസയേയും, വിശുദ്ധ ഫ്രാൻസിസ് സേവ്യറിനേയും, വിശുദ്ധ അഗസ്റ്റിനേയും സ്വാധീനിച്ച വചനഭാഗങ്ങൾ ഏത്?
3. പഴയനിയമത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന നിയമങ്ങളുടേയും പ്രവചനങ്ങളുടേയും പൂർത്തീകരണമാണ് യേശു എന്നതിന് വിശുദ്ധ സുവിശേഷത്തിൽ നിന്ന് അഞ്ച് ഉദാഹരണങ്ങൾ കണ്ടെത്തുക.

# STD - XII

## അദ്ധ്യാപക സഹായി

**പാഠം ഒന്ന്       ബൈബിളും ക്രിസ്തീയ ജീവിതവും       ഭാഗം – രണ്ട്**

Note: കുട്ടികളെ ചെറിയ ഗ്രൂപ്പായി തിരിച്ച് വേണം ക്ലാസ് എടുക്കാൻ

### ലക്ഷ്യം

വെളിപ്പെടുത്തപ്പെട്ട ദൈവവചനം പിൻതലമുറയ്ക്ക് ആദ്യം വായ്മൊഴിയായി അഥവാ അലിഖിത പാരമ്പര്യമായി കൈമാറി. ആവശ്യമായത് ലിഖിതരൂപത്തിലാക്കി. അതാണ് ബൈബിൾ. അലിഖിതപാരമ്പര്യവും ബൈബിൾ എന്ന ലിഖിതപാരമ്പര്യവും ചേർന്ന വിശ്വാസനിക്ഷേപം എല്ലാവരേയും ദൈവികജീവനിൽ പങ്കുകാരാക്കുന്നു. നീണ്ട കാല യളവിലൂടെ രചിക്കപ്പെട്ട ബൈബിളിന്റെ ഗ്രന്ഥകർത്താവ് അടിസ്ഥാനപരമായി ദൈവം തന്നെയാണ്.

വ്യത്യസ്ത കാലഘട്ടങ്ങളിൽ, വ്യത്യസ്ത സംസ്ക്കാരങ്ങളിൽ, വ്യത്യസ്ത ഭാഷകളിൽ, വ്യത്യസ്ത വ്യക്തികളാൽ എഴുതപ്പെട്ട വചനമായതുകൊണ്ട് ബൈബിൾ ആധികാരി കമായി മനസ്സിലാക്കുവാൻ ചരിത്രകാലഘട്ടം പലപ്രാവശ്യം വായിക്കുകയും വേണം.

### പഠനസഹായികൾ

* വാമൊഴിയും വരമൊഴിയും തമ്മിലുള്ള വ്യത്യാസം മനസ്സിലാക്കുന്നതിനായിട്ട് അദ്ധ്യാപകർ സ്വന്തമായിട്ട് രൂപപ്പെടുത്തിയ ഒരു കഥ.
* ബൈബിളിലെ പുസ്തകങ്ങളുടെ പേര് / ചാർട്ട്

### പാഠാവതരണം (5 മിനിറ്റ് – കസേരകളി മോഡൽ)

1. ടീച്ചർ ഉണ്ടാക്കിയ കഥയുടെ കോപ്പി ഓരോ ഗ്രൂപ്പിനും നൽകുന്നു. അതിലെ വായ്മൊഴികൾ ഏതൊക്കെ ഘട്ടങ്ങളിലൂടെ കടന്നാണ് പുസ്തകമായി പരിണമിച്ചത് എന്ന് ചർച്ച ചെയ്ത് റിപ്പോർട്ട് ആവശ്യപ്പെടുന്നു.

2. ബൈബിളിലെ രചനാകാലഘട്ടം മനസ്സിലാക്കുന്നതിനായി ആ കാലഘട്ടങ്ങളെ കവിത/ നാടൻപാട്ട് രൂപത്തിൽ കുട്ടികളെക്കൊണ്ട് പാഠിപ്പിക്കുക.

3. അധ്യായപരിണാമം അടുത്തറിയാനായിട്ട് ഗ്രൂപ്പ് ഗെയിം നടത്തുന്നു – മാർജിനിലെ കുറിപ്പുകൾ, ഖണ്ഡികകൾ, തലക്കെട്ട്, അധ്യായങ്ങൾ, വാക്യങ്ങൾ, അധ്യായങ്ങളുടെ രൂപവത്കരണം ഇവയെല്ലാം ഒരു പീസ് പേപ്പറിൽ എഴുതി നറുക്കിട്ടെടുത്ത് ഗ്രൂപ്പിനു കിട്ടുന്ന ഭാഗം കുറച്ചുനേരം പഠിച്ചിട്ട് ഉത്തരം പറയിക്കുക.

## പാഠത്തിന്റെ ഉള്ളടക്കം

ബൈബിളിന്റെ രൂപവത്കരണ ചരിത്രം, ഗ്രന്ഥകർത്താക്കൾ, വാമൊഴി, വരമൊഴി, ലിഖിതരൂപവത്കരണം - പഴയനിയമം, ലിഖിതരൂപവത്കരണം - പുതിയനിയമം, അധ്യായങ്ങളുടെ രൂപവത്കരണം - പഴയനിയമം, അധ്യായങ്ങളുടെ രൂപവത്കരണം - പുതിയനിയമം.

ആദ്യം രൂപപ്പെട്ട പുസ്തകം പഴയനിയമത്തിലെ പഞ്ചഗ്രന്ഥിയുടെ ചില ഭാഗങ്ങൾ

ആദ്യം രൂപപ്പെട്ട പുസ്തകം ആമോസ് പ്രവാചകന്റെ ഗ്രന്ഥം

പുസ്തകങ്ങൾ അവ എഴുതിയ ഗ്രന്ഥകർത്താക്കളുടെ പേരിൽ അറിയപ്പെടുന്നു

ഏശയ്യാ പ്രവാചകന്റെ പുസ്തകം.

ബൈബിളിലെ അധ്യായങ്ങളും വാക്യങ്ങളും.

## പ്രാർത്ഥന

കർത്താവായ ദൈവമേ, ബൈബിൾ ശരിയാംവണ്ണം ആധികാരികമായി മനസ്സിലാക്കുവാനും വ്യാഖ്യാനിക്കുവാനും വേണ്ട അനുഗ്രഹം പരിശുദ്ധാത്മാവിന്റെ കൃപയാൽ നൽകണമേ.

## ചോദ്യങ്ങൾ

1. തിത്‌ലോയ്, കെഫാലയോൻ, സ്റ്റിക്കോയി എന്നീ പദങ്ങൾ എന്തിനെ സൂചിപ്പിക്കുന്നു?
2. ലിഖിത രൂപവത്കരണം പഴയനിയമത്തിൽ വ്യക്തമാക്കുക.
3. വി. ലൂക്കായുടെ സുവിശേഷത്തിൽ എത്ര അധ്യായങ്ങളുണ്ട്? അവയുടെ തലക്കെട്ടുകൾ ബൈബിളിൽനിന്നും പകർത്തിയെഴുതുക.

# STD - XII

## അദ്ധ്യാപക സഹായി

**<u>പാഠം ഒന്ന് ബൈബിളും ക്രിസ്തീയ ജീവിതവും ഭാഗം – മൂന്ന്</u>**

Note: കുട്ടികളെ ചെറിയ ഗ്രൂപ്പായി തിരിച്ച് വേണം ക്ലാസ് എടുക്കാൻ

### ലക്ഷ്യം

ബൈബിൾ എഴുതിയത് മനുഷ്യരാണെങ്കിലും യഥാർത്ഥ ഗ്രന്ഥകർത്താവ് ദൈവംതന്നെയാണ്.

മനുഷ്യരായ ഗ്രന്ഥകർത്താക്കൾ ഉപയോഗിച്ച പദങ്ങളും അവ ഉൾക്കൊള്ളുന്ന അർത്ഥതലങ്ങളും മനസ്സിലാക്കാൻ വ്യാഖ്യാനം ആവശ്യമാണ്.

മനുഷ്യർ എഴുതിയ പദങ്ങൾക്ക് അതീതമായി ദൈവം വെളിപ്പെടുത്താൻ ഉദ്ദേശിച്ച അർത്ഥതലങ്ങളും ഉള്ളതിനാൽ ബൈബിൾ വ്യാഖ്യാശാസ്ത്രം പഠിക്കേണ്ടതുണ്ട്.

വ്യത്യസ്ത കാലഘട്ടങ്ങളിൽ, വ്യത്യസ്ത സംസ്കാരങ്ങളിൽ, വ്യത്യസ്ത ഭാഷകളിൽ, വ്യത്യസ്ത വ്യക്തികളാൽ എഴുതപ്പെട്ട വചനം മനസ്സിലാക്കുവാൻ പരിശുദ്ധാത്മാവിന്റെ കൃപ ആവശ്യമാണ്.

ഒറ്റ വായനകൊണ്ടുമാത്രം അക്ഷരാർത്ഥത്തിൽ ബൈബിൾ വ്യാഖ്യാനിക്കാൻ പാടില്ല.

### പഠനസഹായികൾ

* വചനം – യോഹ.3:5

* പഴയ ചെമ്മീൻ സിനിമയുടെ വീഡിയോ/ക്ലിപ്പ്, പഴയ തലമുറയിലെ കത്തുകൾ

* സിനിമയിലെ കഥാപാത്രങ്ങൾ സംസാരിക്കുന്നത് കുട്ടികളെ കേൾപ്പിച്ചിട്ട്, അദ്ധ്യാപകർ അതിൽനിന്നും ചോദ്യങ്ങൾ തയ്യാറാക്കി കുട്ടികളോട് ചോദിക്കുക. (പലരും പല അഭിപ്രായങ്ങൾ ഒരേ സിനിമയുടെ ഉള്ളടക്കത്തെപ്പറ്റി പറയാൻ സാധ്യതയുണ്ട്. കഥാപാത്രങ്ങളുടെ സംഭാഷണം, സംവിധായകൻ എന്താണ് ഉദ്ദേശിച്ചത്, ഈ സിനിമയുടെ കാലഘട്ടം എന്നിവ തെറ്റുകൂടാതെ അറിയാൻ ഒരുപാട് അന്വേഷണങ്ങൾ വേണ്ടിവരും) ഈ അടുത്തകാലത്ത് ഉള്ള നമ്മുടെ സിനിമയുടെ വ്യാഖ്യാനങ്ങൾ ഇതാണെങ്കിൽ ആയിരക്കണക്കിന് വർഷങ്ങൾക്കുമുമ്പ് നമുക്ക് അജ്ഞാതമായ പല ഭാഷകളിൽ, പല സംസ്കാരങ്ങളിലുള്ള പലർക്കായി പല കാലഘട്ടങ്ങളിൽ പല ലക്ഷ്യങ്ങളോടെ പലർ എഴുതിയ ബൈബിളിലെ വിവിധ പുസ്തകങ്ങളിൽനിന്ന് എടുക്കുന്നവയുടെ അർത്ഥം, ആധികാരികമായ പഠനങ്ങളും അന്വേഷണങ്ങളും കൂടാതെ പറയാനാവില്ല എന്ന സത്യം കുട്ടികളെ ബോധ്യപ്പെടുത്തുന്നു.

## പാഠത്തിന്റെ ഉള്ളടക്കം

* ബൈബിൾ വ്യാഖ്യാനം
* ശാസ്ത്രീയമായി ബൈബിൾ വ്യാഖ്യാനിക്കുന്ന രീതിയെ ഹെർമെന്യൂറ്റിക്സ് എന്നു വിളിക്കുന്നു.
* ശരിയായ വ്യാഖ്യാനത്തിന് വിശ്വാസം, സാമാന്യബുദ്ധി, മൂലഭാഷകളെക്കുറിച്ചുള്ള അറിവ്, വചനത്തോടുള്ള വിധേയത്വം, ജീവിതവിശുദ്ധി, ഉദ്ദേശശുദ്ധി എന്നിവ ആവശ്യമാണ്.
* വാച്യാർത്ഥം, ആധ്യാത്മികത്വം എന്നിങ്ങനെ രണ്ട് അർത്ഥതലങ്ങളാണ് പ്രാചീന കാലം മുതൽ ബൈബിൾ വ്യാഖ്യാനത്തിലുള്ളത്.
* ആധ്യാത്മിക അർത്ഥം പൂർണ്ണമായും മനസ്സിലാക്കേണ്ടതിന് പ്രതീകാത്മാർത്ഥം, ധാർമ്മിക അർത്ഥം, സനാതനാർത്ഥം എന്നിവ മനസ്സിലാക്കേണ്ടതുണ്ട്.
* ബൈബിളിനെ മൊത്തമായി കണ്ട് വ്യാഖ്യാനിച്ച് ലഭിക്കുന്ന ഈ അർത്ഥത്തെ കാനോനിക അർത്ഥമെന്നു വിളിക്കുന്നു.
* ബൈബിൾ വ്യാഖ്യാനം പൂർണ്ണമാകാൻ - മൂലഗ്രന്ഥ വ്യാഖ്യാനവും (Textual), ചരിത്രവ്യാഖ്യാനവും (Historical), ഉറവിട വ്യാഖ്യാനവും (Source), സാഹിത്യ വ്യാഖ്യാനവും (Literary), രചയിതാക്കളേയും എഡിറ്റേഴ്സിനേയും അടിസ്ഥാനമാക്കിയുള്ള വ്യാഖ്യാനവും (Redaction), വാചിക പാരമ്പര്യ വ്യാഖ്യാനവും (Traditio - Historical), ഘടനാധിഷ്ഠിത വ്യാഖ്യാനവും (Structural), ബൈബിളിനെ ഏകഗ്രന്ഥമായി കണ്ടുകൊണ്ടുള്ള വ്യാഖ്യാനവും (Canonical) നാം പ്രയോഗിക്കേണ്ടിയിരിക്കുന്നു.

## പ്രാർത്ഥന

ബൈബിൾ വചനം വായിക്കുമ്പോൾ വചനത്തിന്റെ വിവിധ അർത്ഥതലങ്ങൾ മനസ്സിലാക്കുവാൻ ഞങ്ങളെ പരിശുദ്ധാരൂപിയാൽ നിറയ്ക്കണമേ

## ചോദ്യങ്ങൾ

1. ബൈബിളിന്റെ ശരിയായ വ്യാഖ്യാനത്തിനു ശ്രദ്ധിക്കേണ്ടവ എന്തെല്ലാം?
2. ബൈബിളിന്റെ വിവിധ അർത്ഥതലങ്ങൾ വ്യക്തമാക്കുക.
3. ഞാൻ മുന്തിരിച്ചെടിയും നിങ്ങൾ ശാഖകളുമാണ് (യോഹ. 15:5) എന്ന ക്രിസ്തുവചനത്തിന്റെ വാച്യർത്ഥം, പ്രതീകാത്മാർത്ഥം, ധാർമ്മിക അർത്ഥം എന്നിവ കണ്ടെത്തുക.

# STD - XII

## അദ്ധ്യാപക സഹായി

## പാഠം ഒന്ന് ബൈബിളും ക്രിസ്തീയ ജീവിതവും ഭാഗം - നാല്

Note: കുട്ടികളെ ചെറിയ ഗ്രൂപ്പായി തിരിച്ച് വേണം ക്ലാസ് എടുക്കാൻ

### ലക്ഷ്യം

ബൈബിൾ ഏകഗ്രന്ഥമാണെങ്കിലും അതിൽ വ്യത്യസ്ത പുസ്തകങ്ങൾ ഉള്ളതുപോലെ വ്യത്യസ്ത സാഹിത്യരൂപങ്ങളുമുണ്ട്. ചരിത്രവിവരണം, ജീവിതകഥകൾ, സൂക്തങ്ങൾ, കീർത്തനങ്ങൾ, കാവ്യങ്ങൾ, നാടകാവിഷ്കരണം എന്നിവ പഴയനിയമത്തിലെ സാഹിത്യരൂപങ്ങളാണ്.

പുതിയ നിയമത്തിൽ ചരിത്രവിവരണം, ലേഖനങ്ങൾ, യുഗാന്തസാഹിത്യം എന്നിങ്ങനെയുള്ള സാഹിത്യരൂപങ്ങളുണ്ട്.

ബൈബിൾ പാരായണം ഒരു പ്രാർത്ഥനാനുഭവമാക്കാൻ നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന രീതിയാണ് ദൈവികവായന.

ബൈബിളിനെ സംബന്ധിച്ച് സംശയങ്ങളും തെറ്റായ പ്രബോധനങ്ങളും നിലവിലുണ്ട്. അതുകൊണ്ട് തന്നെ സംശയനിവാരണം ശരിയായ രീതിയിൽ നടത്തണം.

ബൈബിളിലെ ഓരോ ഭാഗത്തേയും അതിന്റെ സാഹത്യരൂപം തിരിച്ചറിഞ്ഞ് സമീപിക്കും.

ദൈവവായനയുടെ വിവിധതലങ്ങൾ മനസ്സിലാക്കിക്കൊണ്ട് പ്രവൃത്തിയിലേക്ക് നയിക്കുന്ന ഒരു പ്രാർത്ഥനാനുഭവമാക്കി ബൈബിൾ പാരായണം നടത്തും.

ദൈവവചനത്തിന്റേയും കൂദാശകളുടേയും തുല്യമഹത്വം തിരിച്ചറിഞ്ഞ് അവയെ സ്നേഹപൂർവം അനുഭവിക്കും.

### പഠനസഹായികൾ

* ലൈബ്രറിയിലെ സാഹിത്യരൂപങ്ങൾ എന്ന പ്രവർത്തനം
* സാഹിത്യരൂപം പറയാമോ എന്ന ഗെയിം.
* ദൈവികവായനയുടെ തലങ്ങൾ എന്ന പ്രവർത്തനം.
* സംശയനിവാരണങ്ങൾ എന്ന പ്രവർത്തനം
* ഓരോ ഗ്രൂപ്പിനും ഓരോ പേപ്പർ നൽകുന്നു. പബ്ലിക് ലൈബ്രറിയിൽ ഏതൊക്കെ തരം സാഹിത്യരൂപങ്ങൾ ഉണ്ട് എന്ന് രണ്ടുമിനിറ്റുകൊണ്ട് എഴുതി ഗ്രൂപ്പിന്റെ പേരെഴുതി ടീച്ചറിനെ ഏൽപ്പിക്കണം. അതിൽ എന്തെങ്കിലും ഒന്നെടുത്ത് ടീച്ചർ എല്ലാ

വർക്കുംവേണ്ടി വായിക്കുന്നു. ഏറ്റവും കൂടുതൽ എഴുതിയവർക്ക് പോയിന്റ് നൽകുന്നു (എല്ലാ സാഹിത്യരൂപങ്ങളേയും ഒരേ മാനദണ്ഡംവച്ചല്ല വിലയിരുത്തേണ്ടത്. കവിതയെ വിലയിരുത്തുന്ന മാനദണ്ഡംവച്ച് കഥയെയോ നോവലിനെയോ ജീവചരിത്രത്തെയോ ആരും വിലയിരുത്താറില്ല.

സാഹിത്യരൂപങ്ങളുടെ മാറ്റമനുസരിച്ച് അതിന്റെ അർത്ഥം കണ്ടെത്താൻ വ്യാഖ്യാനത്തിന്റെ ആവശ്യം കൂടിയോ കുറഞ്ഞോ ഇരിക്കുമെന്ന് ടീച്ചർ കുട്ടികളെ ബോധ്യപ്പെടുത്തുന്നു. ഇതുപോലെ ബൈബിളിലും നിരവധി സാഹിത്യങ്ങളുണ്ടെന്നും അവ ഏവ എന്ന് തിരിച്ചറിഞ്ഞാലേ ശരിയായ അർത്ഥം വ്യാഖ്യാനിച്ചെടുക്കുവാൻ സാധിക്കുകയുള്ളുവെന്നും പഠിപ്പിക്കുന്നു)

* വിശുദ്ധ അഗസ്റ്റിന്റെ വാക്കുകൾ എഴുതിയ ചാർട്ട്

## പാഠത്തിന്റെ ഉള്ളടക്കം

* പേജ് 20, 21ൽ കാണുന്ന പഴയനിയമത്തിലെ സാഹിത്യരൂപങ്ങൾ, പുതിയനിയമത്തിലെ സാഹിത്യരൂപങ്ങൾ എന്നിവ 10 മിനിറ്റെടുത്ത് ഗ്രൂപ്പിൽ വായിക്കാൻ ആവശ്യപ്പെടുന്നു. തുടർന്ന് ഓരോ ഗ്രൂപ്പിനോടും ടീച്ചർ കാണുന്ന പഴയനിയമപുസ്തകങ്ങളുടെ പേരുകൾ (പഞ്ചഗ്രന്ഥി ചരിത്രഗ്രന്ഥങ്ങൾ, സുഭാഷിതങ്ങൾ, സങ്കീർത്തനങ്ങൾ, ഉത്തമഗീതം, വിലാപങ്ങൾ, ജോബ്) ഓരോന്നായി പറയുമ്പോൾ ആ ഗ്രൂപ്പിലുള്ളവർ മാത്രം ഏത് സാഹിത്യരൂപമാണെന്നതും പറയണം. അതേസമയം മറ്റു ഗ്രൂപ്പുകൾ തെറ്റുണ്ടെങ്കിൽ ചൂണ്ടിക്കാണിക്കണം. ഓരോ ശരിയുത്തരത്തിന് പോയിന്റ് നൽകിക്കൊണ്ടിരിക്കുക

ഇതേപോലെ ടെസ്റ്റിലെ പേജ് 22 മുതൽ 25 വരെയും 24 മുതൽ 26 വരെയും പേജുകളിൽ കാണുന്ന ദൈവികവായനയുടെ തലങ്ങൾ, സംശയനിവാരണം എന്നീ ഭാഗങ്ങൾ കുട്ടികളെക്കൊണ്ട് വായിപ്പിച്ച് മേൽപ്പറഞ്ഞ രീതിയിലുള്ള പ്രക്രിയകൾ ചെയ്യിപ്പിക്കുക

## പ്രാർത്ഥന

ബൈബിളിന്റെ ദൈവികവായനയ്ക്കായി മനസ്സിനെ ഏകാഗ്രതയിൽ പ്രാർത്ഥിച്ചൊരുക്കുവാൻ ശക്തിനൽകണമേ.

## ചോദ്യങ്ങൾ

1. കത്തോലിക്കരായ നാം ബൈബിൾ വാങ്ങുമ്പോൾ പ്രത്യേകിച്ച് എന്തെങ്കിലും ശ്രദ്ധിക്കേണ്ടതുണ്ടോ?

2. ദൈവികവായനയ്ക്ക് ഒരുക്കമായി ചെയ്യേണ്ടത് എന്തെല്ലാം?

3. ദിവ്യബലിയിലെ അപ്പത്തിന്റെ മേശ, വചനത്തിന്റെ മേശ എന്നീ ശുശ്രൂഷകളുടെ അർത്ഥമെന്ത്?